കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിറക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/10/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയതി : 11-03-2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിറക്കൽ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: ചിറക്കൽ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/10/2020.

തീയതി: 11-03-2020.

## കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 13-11-2018 മുതൽ 30-09-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ശശികുമാർ.എം.പി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09-12-2019 മുതൽ 26-12-2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ലീലാകൃഷ്ണൻ.എൻ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മനോഹരൻ.എ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ (23-12-2019 വരെ) |
| ശ്രീമതി.വനജ മാടത്താൻകണ്ടി | ഓഡിറ്റർ (26-12-2019 വരെ) |
| ശ്രീ.പ്രമോദ്.കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സോമൻ.എ | 01-04-2018 മുതൽ<br>31-03-2019 വരെ |
| സെക്രട്ടറി | ശ്രീമതി.പി.പി.ഉഷ | 01-04-2018 മുതൽ<br>23-05-2018 വരെയും<br>14-06-2018 മുതൽ<br>30-06-2018 വരെയും |
| | ശ്രീ.വിജീഷ്.പി<br>(സെക്രട്ടറി-ഇൻ ചാർജ്) | 24-05-2018 മുതൽ<br>13-06-2018 വരെയും<br>01-07-2018 മുതൽ<br>23-07-2018 വരെയും<br>08-10-2018 മുതൽ<br>19-10-2018 വരെയും |
| | ശ്രീ.കെ.ബി.ഷംസുദ്ദീൻ | 24-07-2018 മുതൽ<br>07-10-2018 വരെ |
| | ശ്രീ.കെ.ടി.റാഷിദ് | 20-10-2018 മുതൽ<br>31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി.നവ്യ വേണുഗോപാൽ | 01-04-2018 മുതൽ<br>31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സോണിയ.എൻഎസ് | 01-04-2018 മുതൽ<br>05-01-2019 വരെ |
| | ശ്രീമതി.റമീസ.ഇ എം | 06-01-2019 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ.ആനന്ദ്.കെ | 01-04-2018 മുതൽ<br>25-03-2019 വരെ |
| | ഡോ.ഹഫ്ലിസ മുഹമ്മദ് ഹനീഫ് | 26-03-2019 മുതൽ<br>31-03-2019വരെ |
| വെറ്ററിനറി സർജൻ | ഡോ.കാർത്തികേയൻ.ഇ | 01-04-2018 മുതൽ<br>03-08-2018 വരെ |
| | ഡോ.റിൻസിതെരേസ | 04-08-2018 മുതൽ |

| | | |
|---|---|---|
| | (അഡീഷണൽ ചാർജ്) | 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രതീഷ് കുമാർ.എം | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | ശ്രീമതി.സീമ.ഡി | 01-04-2018 മുതൽ 31-03-2019 വരെ |
| | ശ്രീമതി.നളിനി.ടി | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ സി ഡിഎസ് സൂപ്പർവൈസർ | ശ്രീമതി.നിഷ.പി | 01-04-2018 മുതൽ 31-03-2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.വിജീഷ്.പി | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ഗംഗാഭായ്.എൻ | 01-04-2018 മുതൽ 31-03-2019 വരെ |

ഉള്ളടക്കം:


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകങ്ങൾ |
| 12 | 1-12 | തൊഴിൽ നികുതി -അപാകങ്ങൾ . |
| 13 | 1-13 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ . |
| 14 | 1-14 | സ്ഥാപനങ്ങൾ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. |
| 15 | 1-15 | വസ്തുനികുതി നിർണയത്തിലെ അപാകം |
| 16 | 1-16 | റോഡ് കട്ടിംഗ് - ചട്ടപ്രകാരമുള്ള റിസ്റ്ററേഷൻ ചാർജ് ഈടാക്കുന്നില്ല. |
| 17 | 1-17 | കറവ പശുവിതരണം-അപാകങ്ങൾ. |
| 18 | 1-18 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - |

| | | |
|---|---|---|
| | | അപേക്ഷകരുടെ അർഹത പരിശോധിക്കുന്നില്ല |
| 19 | 1-19 | മഴമറ കൃഷി- രേഖകൾ ഹാജരാക്കിയില്ല, ചെലവു തുക ₹2,43,642 തടസപ്പെടുത്തുന്നു |
| 20 | 1-20 | ഹോംകെയർ വിസിറ്റിന് വാഹനം ഏർപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല - ₹188160 തടസപ്പെടുത്തുന്നു. |
| 21 | 1-21 | മഴക്കാല പൂർവശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയില്ല, ₹2,30,000 തടസപ്പെടുത്തുന്നു. |
| 22 | 1-22 | വാസയോഗ്യമായ വീട് (ജനറൽ) - രേഖകൾ ലഭ്യമാക്കിയില്ല, ചെലവുതുക ₹ 6,62,702 തടസപ്പെടുത്തുന്നു |
| 23 | 1-23 | വീട് വാസയോഗ്യമാക്കൽ (എസ് സി) - രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക ₹1,50,000 തടസ്സപ്പെടുത്തുന്നു. |
| 24 | 1-24 | ക്ഷേമ പെൻഷൻ- അപാകങ്ങൾ |
| 25 | 1-25 | കുതിരത്തടം കുഴൽക്കിണർ നിർമാണം- ചെലവ് കഴിച്ചുള്ള ബാക്കി തുക₹ 58,658 പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ് |
| 26 | 1-26 | മാലിന്യ നിർമാർജനം - രേഖകൾ അപൂർണം -ചെലവ് തുക ₹54,81,278 തടസത്തിൽ വെക്കുന്നു. |
| 27 | 1-27 | വെള്ളത്തിന്റെ അളവ് കണക്കാക്കാതെയും സംയുക്ത പരിശോധനാ റിപ്പോർട്ട് ഇല്ലാതെയും വെള്ളക്കരം നൽകൽ- സുതാര്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. |
| 28 | 1-28 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ നീട്ടൽ -പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവ് തുക ₹7,49,300 തടസത്തിൽ വയ്ക്കുന്നു. |
| 29 | 1-29 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി-എ.എം.സി നൽകൽ -ചെലവ് രേഖകൾ മുഴുവനായി ഹാജരാക്കിയില്ല – ₹8,92,790 തടസ്സത്തിൽ വയ്ക്കുന്നു. |
| 30 | 1-30 | സ്കൂളുകളിൽ പത്ര വിതരണം-കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്. |
| 31 | 1-31 | ജീവനക്കാരുടെ ആദായ നികുതി റിട്ടേണുകൾ സമർപിക്കുന്നതിന് പ്രൊഫഷണൽ ചാർജ്നൽകുന്നത് പുനഃപരിശോധിക്കേണ്ടതാണ്. |
| 32 | 1-32 | എൽ.ഇ.ഡി ലാമ്പ് വാങ്ങൽ -ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല -ചെലവ് തുക ₹3,85,000 തടസപ്പെടുത്തുന്നു |
| 33 | 1-33 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവ് (തുക₹15,00,000) തടസപ്പെടുത്തുന്നു. |
| 34 | 1-34 | റോഡ് ടാറിംഗിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല |
| 35 | 1-35 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി |
| 36 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം |

| | | |
|---|---|---|
| | | നൽകിയതിന്റെ വിവരം |
| 37 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 40 | 4-5 | വായ്പ/വായ്പാ തിരിച്ചടവ് |
| 41 | 4-6 | സ്ഥിര നിക്ഷേപം |
| 42 | 4-7 | ഓഡിറ്റ് റിക്കവറി |
| 43 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 44 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 45 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 47 | അനുബന്ധം-1 | AUDIT CERTIFICATE |
| 48 | അനുബന്ധം-2-1 | RECEIPT & PAYMENT STATEMENT |
| 49 | അനുബന്ധം-2-2 | INCOME & EXPENDITURE STATEMENT |
| 50 | അനുബന്ധം-2-3 | BALANCE SHEET |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 17-03-2018 തീയതിയിലെ 54/2018 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20-02-2019 തീയതിയിലെ 54/19 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| വിവരണം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 1,18,79,000 |
| പിരിവ് | 22,63,10,500 |
| ആകെ | 23,81,89,500 |
| ചെലവ് | 22,54,30,000 |
| നീക്കിയിരിപ്പ് | 1,27,59,500 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 18-05-2019 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,92,28,838.8 |
| വരവ് | 1,05,970,967 |
| ആകെ | 14,51,99,805.8 |
| ചെലവ് | 10,07,19,927 |
| നീക്കിയിരിപ്പ് | 4,44,79,878.8 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 21433451 | 21433451 | 17722097 | 3711354 |
| വികസന ഫണ്ട്-എസ്.സി.പി. (ACR പ്രകാരം) | 0 | 6876000 | 6876000 | 5611021 | 1264979 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 284000 | 284000 | 284000 | |
| മെയിന്റനൻസ് (റോഡ്) (ACR പ്രകാരം) | 0 | 10627000 | 10627000 | 9578994 | 1048006 |
| മെയിന്റനൻസ്,നോൺ-റോഡ് (ACR പ്രകാരം) | | 4564000 | 4564000 | 4097869 | 466131 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9964000 | 9964000 | 9925019 | 38981 |
| ദുരിതാശ്വാസനിധി | | 26830 | 28417 | 55247 | - | 55347* |
| സാക്ഷരത | | 12925 | 61709 | 74634 | 25192 | 49442 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 5938242 | 5938242 | 5938242 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1113.85 | 284357.3 | 285471.15 | 282750 | 2721.15 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ | | 951009 | 1982124 | 2933133 | 1400142 | 1532991 |
| ടോട്ടൽ സാനിറ്റേഷൻ | | 10630 | 647000 | 657630 | - | 657630 |
| എസ്.എസ്.എ. | | 62000 | - | 62000 | - | 62000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| തൊഴിൽ രഹിത വേതനം | | | 115680 | 115680 | 115680 | |
| വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം | | | 210000 | 210000 | 210000 | |
| NREGA നൂറ് ദിവസം പൂർത്തിയാക്കിയതിനുള്ള റിവാർഡ് | | | 90000 | 90000 | 90000 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1248625 | 2098425 | 1742591 | 355834 |
| | ജില്ലാ പഞ്ചായത്ത് | 602689 | 1777125 | 2379814 | 1241170 | 1138644 |

*വാർഷിക ധനകാര്യ പത്രിക പരിശോധന റിപ്പോർട്ടിൽ അപാകമായി കാണിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 276 | 14,11,16,646 | 202 | 7,91,83,727 | 25 | 177 | 74 | 64.13 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 34 | 26 | 2,67,16,491 | 1,39,19,802 | 52.1 |
| 2 | അസി.എഞ്ചിനീയർ | 176 | 117 | 7,16,05,492 | 3,25,37,073 | 45.43 |
| 3 | കൃഷി ഓഫീസർ | 6 | 6 | 28,94,919 | 21,32,561 | 78.37 |
| 4 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 7 | 7 | 25,49,553 | 19,98,236 | 78.37 |
| 5 | വെറ്ററിനറി സർജൻ | 6 | 6 | 24,57,400 | 16,56,137 | 67.39 |
| 6 | വി.ഇ.ഒ | 19 | 17 | 1,71,57,332 | 1,24,29,695 | 72.44 |
| 7 | ഐ സി ഡിഎസ് സൂപ്പർവൈസർ | 8 | 7 | 1,00,85,838 | 81,36,095 | 80.66 |
| 8 | അസി.സെക്രട്ടറി | 9 | 8 | 43,63,070 | 34,06,865 | 78.08 |
| 9 | ഹെഡ് മാസ്റ്റർ | 8 | 5 | 19,86,551 | 16,67,263 | 83.92 |
| 10 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 13,00,000 | 13,00,000 | 100 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -ഇല്ല

ഗ്രാമസഭ

ഗ്രാമ സഭ തൻവർഷം 3 തവണയാണ് ചേർന്നിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകൾ

നടപ്പ് വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗമിനുട്സിൽ ചർച്ചകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.

മോണിറ്ററിംഗ് കാര്യക്ഷമമല്ല

പദ്ധതി മാർഗരേഖ പ്രകാരം പദ്ധതി മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് റിപ്പോർട്ട് യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടില്ല.

തുടർ വർഷങ്ങളിൽ മോണിറ്ററിംഗ് കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,112.86 | 3,74,359 | 3,75,471.86 | 3,72,750 | 2,721.86 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 59,38,242 | 59,38,242 | 59,38,242 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,15,680 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 17,00,000 | 136 |
| വിധവാപെൻഷൻ | 1,87,19,600 | 1583 |
| വാർദ്ധക്യകാലപെൻഷൻ | 5,17,19,200 | 4339 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 53,34,000 | 442 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 45,00,200 | 392 |
| വിവാഹ ധനസഹായം | 2,10,000 | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-12-2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹2991 ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ ഫലപ്രദമാണ്. സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസവും വിളിച്ചു ചേർക്കുകയും ഫ്രണ്ട് ഓഫീസ് സമ്പ്രദായം മെച്ചപ്പെടുത്തേണ്ടത് സംബന്ധിച്ചും, നികുതി പിരിവ് സംബന്ധിച്ചും വിലയിരുത്തുകയും ജീവനക്കാർക്ക് ജോലി സംബന്ധിച്ച നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റജിസ്റ്ററുകളും രേഖകളും കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-12-2019 | 11/2019 | 07-12-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-08-2011 മുതൽ 03-09-2011 വരെ | 2008-2011 | 06-02-2012 |

## 1-11 വാർഷികകണക്കുകളിലെ അപാകങ്ങൾ

(1) വാർഷിക ധനകാര്യപത്രികയിലെ വസ്തു നികുതി ഇനത്തിലെ ഡിസിബി സഞ്ചയ സോഫ്റ്റ് വെയറിലെ ഡിസിബിയുമായി പൊരുത്തപ്പെടുന്നില്ല.

(2) വാർഷിക ധനകാര്യപത്രികയിലെ വസ്തു നികുതി കുടിശിക ഇനത്തിലെ ഡിസിബി സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിസിബിയുമായി പൊരുത്തപ്പെടുന്നില്ല.

(3) ബുക്ക് അഡ്ജസ്റ്റ്മെന്റ് ആയി ക്രമീകരിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(4) വാർഷിക ധനകാര്യ പത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

(5) Development Fund – General തുക എ.സി.ആർ പ്രകാരം ₹1,77,22,097 ആണ്. എന്നാൽ I-6 പ്രകാരം ₹1,77,55,646 ആണ്.

(6) 2017-18 AFS B-2 ഷെഡ്യൂൾ പ്രകാരം ദുരിതാശ്വാസ നിധി ₹26,930 ആണ്. 2018-19 AFS RP-40 (a) പ്രകാരം ആയത് ₹26,830 ആണ്.

(7) ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം ഇനത്തിൽ B-4, B-17 എന്നിവയിലെ നീക്കിയിരിപ്പ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

(8) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 തൊഴിൽ നികുതി -അപാകങ്ങൾ .

ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

2018-19 സാമ്പത്തിക വർഷത്തെ ഒന്നാം അർദ്ധ വർഷവും, രണ്ടാം അർദ്ധ വർഷവും പുതിയതെരു മാപ്പിള എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺസ് പരിശോധിച്ചപ്പോൾ ടി.സി.റഹിം,എൽ.പി.എസ്.ടി-യുടെ അടിസ്ഥാന ശമ്പളത്തിന്റെ കൂടെ ക്ഷാമബത്ത ഉൾപ്പെടുത്താതെയാണ് ആകെ തുക കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ തൊഴിൽ നികുതി ഈടാക്കിയതിൽ 400/- രൂപയുടെ കുറവ് വന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര്/ഉദ്യോഗ പേര് | അടിസ്ഥാന ശമ്പളം/ ഒന്നാം അർദ്ധ വർഷം/ രണ്ടാം അർദ്ധ വർഷം | ഡി.എ | ആകെ | തൊഴിൽ നികുതി സ്ലാബ് പ്രകാരം ഒടുക്കേണ്ട നികുതി | ഒടുക്കിയത് | വ്യത്യാസം |
|---|---|---|---|---|---|---|---|
| പുതിയതെരു മാപ്പിള എൽ.പി സ്കൂൾ | ടി.സി.റഹിം, എൽ.പി.എസ്.ടി | ₹69140 ഒന്നാം അർദ്ധ വർഷം | ₹10371 (@15%) | ₹79511 | ₹750 | ₹600 | ₹150 |
| " | " | ₹109800 രണ്ടാംഅർദ്ധ വർഷം | ₹16470 (@15%) | ₹126270 | ₹1250 | ₹1000 | ₹250 |
| ആകെ | | | | | | | ₹400 |

(എ) 2018-19 സാമ്പത്തിക വർഷം ടി.സി.റഹിം എൽ.പി.എസ്.ടി-യുടെ തൊഴിൽ നികുതി ഈടാക്കുമ്പോൾ 400/- രൂപയുടെ കുറവ് വന്നതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/18-19) കുറവ് വന്ന തുക ജീവനക്കാരനിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സ്ഥാപന മേലധികാരികൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ സൂക്ഷ്മപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവർ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

1) റേഷൻ കടകൾ

2) അക്ഷയ കേന്ദ്രങ്ങൾ

3) കള്ള് ഷാപ്പുകൾ.

4) ഹോമിയോപ്പതിക് ഹെൽത്ത് സെന്റർ, കുന്നുംകൈ.

കൂടാതെ അംഗൻവാടി വർക്കർ, ഹെൽപ്പർ, പാലിയേറ്റീവ് നേഴ്സ് തുടങ്ങിയ ഹോണറേറിയം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

(സി)ചുവടെ കൊടുത്തിരിക്കുന്ന എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് എടുത്ത സ്ഥാപനത്തിൽ നിന്ന് 2018-19 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ഉടമസ്ഥന്റെ പേര് | വാർഡ് നം/ കെട്ടിട നം. | ഉപയോഗ ക്രമം | ജോലി ചെയ്യുന്നവരുടെ എണ്ണം |
|---|---|---|---|---|
| 7 | രാഘവൻ നായർ.സി | 4-78സി | എഞ്ചിനിയറിംഗ് ഡിസൈൻ&കൺസ്ട്രക്ഷൻ | 3 |
| 39 | ബി.രഘു | 2-63,64 | എൻ.പി.കെ.വളം മിക്സ് ചെയ്ത് വിൽപ്പന | 6 |
| 87 | ബാബു.കെ.പി | 4-679 | കെ.പി.കെ മെറ്റൽസ് | 3 |
| 182 | അനിലേഷ് കുമാർ. | 17-533 | ഗാർമെന്റ് ആവശ്യത്തിന് | 3 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/18-19) പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ആളുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ – ചട്ടം 5 പ്രകാരം ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് രജിസ്ട്രേഷൻ പുതുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ജേബീസ് കോളേജ്, പള്ളിക്കുളം എന്ന സ്ഥാപനം 2018-19 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിന് മുമ്പ് രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിന്റെ ഒന്നാം അർദ്ധ വർഷം സ്ഥാപന തൊഴിൽ നികുതിയായി 600/- രൂപ 03-10-2018-ലെ രസീത് നമ്പർ 118010107517 പ്രകാരം ഒടുക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ പുതുക്കാത്തതിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/18-19)നോട്ടീസ് നൽകി രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-14 സ്ഥാപനങ്ങൾ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് പരിധിയിലെ 23 വാർഡുകളിലായി 13 റേഷൻ കടകളും 4 കള്ളു ഷാപ്പുകളും പ്രവർത്തിച്ചിട്ടുണ്ട്. ഇവയൊന്നും നാളിതു വരെയായി എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചിട്ടുള്ളത് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് (നം. 25/18-19 തീയതി: 21-12-2019) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും എഫ് ടി ഇ & ഒ എസ് ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 വസ്തുനികുതി നിർണയത്തിലെ അപാകം

1) <u>വാർഡ് IV കെട്ടിട നമ്പർ 434 – ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ശ്രീമതി കെ. പി. ശ്രീമതി നടത്തുന്ന പെട്രോൾ പമ്പ്</u> - 20 ച.മീ. വിസ്തീർണമുള്ള പെട്രോൾ പമ്പിനെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഗണത്തിൽപെടുത്തി ച.മീ. ന് ₹50 നിരക്കിലാണ് സഞ്ചയയിൽ നികുതി നിർണയിച്ചിട്ടുള്ളത് (ഉടമ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്). 24-12-2011 ലെ 74/11 നമ്പർ ഭരണ സമിതി തീരുമാനമനുസരിച്ചുള്ള അന്തിമ വിജ്ഞാപന പ്രകാരം ഫ്യുവൽ സ്റ്റേഷന് ച.മീ.ന് ₹60 നിരക്കിലാണ് നികുതി ഈടാക്കേണ്ടത്. അന്തിമ വിജ്ഞാപന പ്രകാരം പ്രഥമ മേഖലയിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത പെട്രോൾ പമ്പിനെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. നികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാർഡ് ക്ലാർക്ക് തയ്യാറാക്കിയ ഫോറം 6 പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/18-19 തീയ്യതി: 12-12-2019) അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) <u>വാർഡ് I, കെട്ടിട നമ്പർ 2 - ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ പ്രകാരം ശ്രീ.എം.എം. അബ്ദുൾറഫീഖ് 35 HPമോട്ടോർ ഉപയോഗിച്ച് നടത്തുന്ന സ്റ്റോൺ ക്രഷർ</u> - സഞ്ചയ പ്രകാരം 42 ച.മീ. വിസ്തീർണ്ണമുള്ള സ്റ്റോൺ ക്രഷറിനെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഗണത്തിൽപ്പെടുത്തി ച.മീ. ന് ₹50 നിരക്കിലാണ് സഞ്ചയയിൽ നികുതി നിർണയിച്ചിട്ടുള്ളത് (ഉടമ ശ്രീ. എ എം അബ്ദുൾറഫീഖ് മുതൽ 6 പേർ). 24-12-2011 ലെ 74/11 നമ്പർ ഭരണ സമിതി തീരുമാനമനുസരിച്ചുള്ള അന്തിമ വിജ്ഞാപനപ്രകാരം ഇതര വ്യവസായങ്ങൾക്ക് ച.മീ.ന് ₹60 നിരക്കിലാണ് നികുതി ഈടാക്കേണ്ടത് എന്നിരിക്കെ ഇപ്രകാരം നികുതി നിർണ്ണയിച്ചതിന് കാരണം വിശദമാക്കുന്നതിനും വാർഡ് ക്ലാർക്ക് തയ്യാറാക്കിയ ഫോറം 6 പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/18-19, തീയ്യതി: 12-12-2019) അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . അപാകം പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

3) <u>കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങൾ പൊരുത്തപ്പെടുന്നില്ല.</u>

താഴെപ്പറയുന്ന കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ളതും ട്രേഡേഴ്സ് ലിസ്റ്റ്/ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ളതുമായ ഉപയോഗക്രമങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ക്രമ | വാർഡ് നം./കെട്ടിട | ഉപയോഗ ക്രമം | |
|---|---|---|---|
| | | | |

| നമ്പർ | നമ്പർ | സഞ്ചയ | ലൈസൻസ് രജിസ്റ്റർ/ ട്രേഡേഴ്സ് ലിസ്റ്റ് |
|---|---|---|---|
| ~~1~~ | ~~16/ 212,214~~ | ~~പാർപ്പിടം~~ | ~~ഹോസ്പിറ്റൽ~~ |
| 2 | 12/ 571 | പാർപ്പിടം | അച്ചാർ നിർമ്മാണം |
| 3 | 4/205 | പാർപ്പിടം | ഫുഡ് മേക്കിംഗ് |

മേല്പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ താമസേതര ആവശ്യങ്ങൾക്കുള്ള മുഴവൻ കെട്ടിടങ്ങളുടെയും നികുതി നിർണയം പുനഃപരിശോധിക്കേണ്ടതും നികുതി നിർണ്ണയത്തിലെയും ഉപയോഗക്രമങ്ങളിലെയും പൊരുത്തക്കേടുകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 റോഡ് കട്ടിംഗ് - ചട്ടപ്രകാരമുള്ള റിസ്റ്ററേഷൻ ചാർജ് ഈടാക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ബ്ലാക്ക് ടോപ്പ് സർഫേസ് റോഡുകൾ പൊതുജനങ്ങളും, സ്വകാര്യ ഏജൻസികളും വിവിധ ആവശ്യങ്ങൾക്കായി കട്ട് ചെയ്യുകയും, ഇതിനു വേണ്ടി ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങിയതായും 2018-19 വർഷത്തെ തനത് ഫണ്ട് ചെലവ് വൗച്ചർ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

റോഡ് കട്ടിംഗ് റിസ്റ്ററേഷൻ ചാർജ് സർക്കുലർ നം സി.ഇ .ആർ&ബി/ജി.എൽ-ആർ.സി/1/2018 തീയ്യതി 22-05-2018 പ്രകാരം ബ്ലാക്ക് ടോപ്പ് സർഫേസ് റോഡുകൾ കട്ട് ചെയുന്നതിനുള്ള ഏറ്റവും കുറഞ്ഞ റിസ്റ്ററേഷൻ വിഡ്ത്ത് ഒരു മീറ്റർ എന്ന നിരക്കിൽ കണക്കാക്കി ഈടാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം റോഡ് കട്ടിംഗിന് റിസ്റ്ററേഷൻ വിഡ്ത് ഒരു മീറ്റർ എന്ന നിരക്കിൽ തുക ഈടാക്കുന്നില്ല. അതിനാൽ പഞ്ചായത്തിന് വരുമാനം നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

കൂടാതെ റോഡ് കട്ടിംഗിന് പഞ്ചായത്തിൽ ഡെപ്പോസിറ്റായി ഒരു ഗുണഭോക്താവ് 1,000/- രൂപയാണ് നൽകുന്നത്. തുക റോഡ് കട്ടിംഗ് ചെയ്ത ഭാഗം പുനഃസ്ഥാപിച്ചുവെന്ന വാർഡ് മെമ്പറുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തിരികെ നൽകിയിട്ടുമുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | റോഡ് കട്ട് ചെയ്യുന്നതിന് അപേക്ഷിച്ചയാളുടെ പേര് | വാർഡ് നമ്പർ | തിരികെ നൽകിയ ഡെപ്പോസിറ്റ് തുക (₹) | വൗച്ചർ നം./ തീയ്യതി |
|---|---|---|---|---|
| 1 | അനിത.പി , കുഞ്ഞിപ്പറമ്പത്ത് വളപട്ടണം | 1 | 1,000/- | 21800349/30-06-2018 |
| 2 | കെ.ദാമോദരൻ | 16 | 1,000/- | 21800351/30-06-2018 |
| 3 | മഹമൂദ്.കെ.ടി, ചിറക്കൽ | 15 | 1,000- | 21800431/16-07-2018 |
| 4 | അബ്ദുൾസലാം , ഫിർദോസ്, കുന്നുംകൈ | 12 | 1,000/- | 21800491/31-07-2018 |

| | | | | |
|---|---|---|---|---|
| 5 | ശ്രീമതി.ചമതയിൽ ചിറക്കൽ | 10 | 1,000/- | 21800654/04-09-2018 |
| 6 | കൊല്ലോൻ പ്രദീപൻ | 10 | 1,000/- | 21801018/03-12-2018 |
| 7 | ശ്യാമള.കെ, കൊച്ചേരി ഹൗസ്, പനങ്കാവ് | 14 | 1,000/- | 21801331/30-01-2019 |

മേൽ പട്ടികയിൽ കാണിച്ചത് കൂടാതെ ധാരാളം അപേക്ഷകർ വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷം ഡെപ്പോസിറ്റ് തുക തിരികെ വാങ്ങിയിട്ടുണ്ട്. റോഡ് വർക്കിന്റെ സാങ്കേതികത പരിശോധിക്കാൻ പഞ്ചായത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടെന്നിരിക്കെ വാർഡ് മെമ്പറുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് തുക തിരികെ നൽകിയത് ചട്ടപ്രകാരമുള്ള നടപടിയല്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/19 തീയതി 10-12-2019ന് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ റോഡ് കട്ടിംഗിന് നിയമപ്രകാരമുള്ള തുക ഈടാക്കാത്തതിന് സാധുവായ കാരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ചട്ടപ്രകാരമുള്ള തുക ഈടാക്കേണ്ടതും, അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 കറവ പശുവിതരണം-അപാകങ്ങൾ.

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കറവ പശു വിതരണം എന്ന പദ്ധതിയിൽ ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമം പാലിക്കാതെ കറവ പശുവിനെ വാങ്ങുന്നതിന് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കറവ പശുവിതരണം |
| പ്രോജക്ട് നം | 20/19 |
| അടങ്കൽ | 8,10,000/- 49,925- വികസന ഫണ്ട്<br>3,55,075/-തനത് ഫണ്ട്<br>4,05,000/-ഗുണഭോക്തൃവിഹിതം |
| ചെലവ്<br>ബിൽ.നം/ചെക്ക് നം./തീയ്യതി | 2/18-19/06-02-2019 - 49,925/-<br>ചെക്ക് നം.എസ്.ബി./2568962- 01-02-2019/1,37,075/-<br>ചെക്ക് നം.എസ്.ബി./2568972 -25-02-2019/54,000/-<br>ചെക്ക് നംഎസ്.ബി.ഐ/105629-27-02-2019/27,000/-<br>ചെക്ക് നംഎസ്.ബി.ഐ/105630-27-02-2019/27,000/-<br>ചെക്ക് നം.എസ്.ബി.ഐ/105631-27-02-2019/27,000/- |

| | |
|---|---|
| | ചെക്ക് നം.എസ്.ബി.ഐ/105632-27-02-2019/27,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ,<br>വെറ്റിനറി ഡിസ്പെൻസറി, അലവിൽ |

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ 16 പേരും സപ്ലിമെന്ററി ലിസ്റ്റിൽ ഒരാളും ഉൾപ്പെട്ടിട്ടുണ്ട്. ആകെയുള്ള 17 ഗുണഭോക്താക്കളിൽ 13 പേർക്ക് 2018-19 വർഷം കറവ പശുക്കളെ വാങ്ങുന്നതിനുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് വികസന ഫണ്ടിൽ നിന്നും, തനത് ഫണ്ടിൽ നിന്നും കൂടി 27,000/- രൂപയും- ഗുണഭോക്തൃ വിഹിതമായി 27,000/- രൂപയും ചേർത്ത് ആകെ 54,000/- രൂപ എന്ന നിരക്കിൽ 12 ഗുണഭോക്താക്കൾക്ക് ആകെ 6,48,000/- രൂപയും ഒരു ഗുണഭോക്താവിന് മാത്രം വികസന ഫണ്ടിൽ നിന്നും, തനത് ഫണ്ടിൽ നിന്നും കൂടി 25,000/- രൂപയും ഗുണഭോക്തൃവിഹിതമായി 25,000/ രൂപയും കൂടി ആകെ 50,000/- രൂപയും നൽകിയതുൾപ്പെടെ തൻവർഷം 6,98,000/- രൂപ ചെലവ് വന്നിട്ടുണ്ട്.

എന്നാൽ ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമം അനുസരിച്ചല്ല ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. 17 പേരടങ്ങിയ ഗുണഭോക്തൃ പട്ടികയിൽ മുൻഗണനാക്രമത്തിൽ 3-ാമത്തെ ഗുണഭോക്താവായ മൈമൂനത്ത്.പി.പി-യെയും, 4-ാമത്തെ ഗുണഭോക്താവായ ആക്കോത്ത് ഖദീജയെയും പരിഗണിക്കാതെ 5-ാമത്തെ ഗുണഭോക്താവായ അബ്ദുൾ ഖാദറിനെയും, 6-ാമത്തെ ഗുണഭോക്താവായ പി.കൃഷ്ണൻകുട്ടിയെയും, 7-ാമത്തെ ഗുണഭോക്താവായ റഫ്മത്ത്.പി.ടിയെയും പരിഗണിക്കാതെ 8-ാമത്തെ ഗുണഭോക്താവായ പ്രവീൺ.കെ.യെയും പരിഗണിച്ചപ്പോൾ ആനുകൂല്യം ലഭിക്കാത്തവരിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങിച്ചിട്ടില്ല. കൂടാതെ ഗുണഭോക്തൃ പട്ടികയിലെ ക്രമ നം. 3,4,6,7ൽ ഉൾപ്പെട്ടവരെ പരിഗണിക്കാതെയാണ് സപ്ലിമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട കെ.സി.ഓമനയെ പരിഗണിച്ചത്. സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ട കെ.സി.ഓമനയുടെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(16/18-19) ഗുണഭോക്തൃ പട്ടികയിലെ ക്രമ നം. 3,4,6,7-ൽ ഉൾപ്പെട്ടവരെ ഫോണിലൂടെ ബന്ധപ്പെട്ടപ്പോൾ പശുവിനെ വാങ്ങാൻ താൽപര്യമില്ല എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവായ കെ.സി.ഓമനയെ പരിഗണിച്ചത് എന്നും, പഞ്ചായത്ത് നൽകിയ ഗുണഭോക്തൃ പട്ടികയുടെ സപ്ലിമെന്റ് ലിസ്റ്റിൽ കെ.സി.ഓമന ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സപ്ലിമെന്റ് ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചത് സംബന്ധിച്ച വിവരമൊന്നും ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാ ക്രമം പാലിക്കാതെ ആനുകൂല്യം നൽകുമ്പോൾ ആനുകൂല്യം ആവശ്യമില്ലാത്തവരിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങിക്കുവാനും, ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പട്ടവർക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ

# പദ്ധതികൾ - അപേക്ഷകരുടെ അർഹത പരിശോധിക്കുന്നില്ല

1. നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 107/19

പ്രോജക്ടിന്റെ പേര് : നെൽകൃഷി വികസനം

വകയിരുത്തിയ തുക : ₹3,25,089 (വികസന ഫണ്ട്, ജനറൽ) ₹ 81,565 (മറ്റുള്ളവ)

ആകെ : ₹ 4,06,654

ചെലവു തുക : ₹ 4,06,654

ബിൽ നമ്പർ, തീയതി : 3/18-19, 31-12-2018, ₹3,25,089 (വികസന ഫണ്ട്, ജനറൽ)
ചെക്ക് നമ്പർ, തീയതി : 2568993, 14-03-2019, ₹81,565

2. പ്രോജക്ട് നമ്പർ : 118/19

പ്രോജക്ടിന്റെ പേര് : തെങ്ങ് കൃഷി വികസനം

വകയിരുത്തിയ തുക : ₹5,89,550 (വികസന ഫണ്ട്, ജനറൽ) ₹2,79,165 (മറ്റുള്ളവ)

ആകെ : ₹ 8,68,715

ചെലവു തുക : ₹ 8,68,715

ബിൽ നമ്പർ, തുക : 1/18-19, 10-10-2018, ₹3,38,892
: 2/18-19, ₹2,17109, 01-12-2018

: 4/18-19, ₹ 12,541, 31-12-2018

: 7/18-19, ₹ 7,008, 06-03-19

: 8/18-19, ₹ 14,000, 06-03-19

ചെക്ക് നമ്പർ, തുക : 2568990, 14-03-19, ₹ 14,000

2568973, 24-03-19, ₹ 265165

3. പ്രോജക്ട് നമ്പർ : 120/19

പ്രോജക്ടിന്റെ പേര് : ഇടവിള കിറ്റ് വിതരണം

വകയിരുത്തിയ തുക : ₹ 60,000 (വികസന ഫണ്ട്, ജനറൽ)

: ₹20,000 (മറ്റുള്ളവ)

ആകെ : ₹80,000

ചെലവു തുക : ₹80,000

ബിൽ നമ്പർ, തീയ്യതി : 5/18-19, 11-03-19, ₹57,000

11/18-19, 06-03-19, ₹3,000

ചെക്ക് നമ്പർ, തുക : 2568989, 14-03-19, ₹19,000

: 2568991, 14-03-19, ₹1,000

4. പ്രോജക്ട് നമ്പർ : 117/19

പ്രോജക്ടിന്റെ പേര് : പച്ചക്കറി കൃഷി വികസനം

വകയിരുത്തിയ തുക : ₹ 3,68,050 (വികസന ഫണ്ട്, ജനറൽ) ₹ 1,06,250 (മറ്റുള്ളവ)

ആകെ : ₹ 4,74,300

ചെലവു തുക : ₹ 3,62,050 (വികസന ഫണ്ട്, ജനറൽ) ₹ 1,06,250 (മറ്റുള്ളവ)

ബിൽ നമ്പർ, തീയ്യതി : 6/18-19, 11-03-19, ₹ 2,25,000

: 9/18-19, 06-03-19, ₹ 36,000

: 10/18-19, 22-03-19, ₹ 1,01,050

ചെക്ക് നമ്പർ, തുക : 2568992, 14-03-19, ₹ 12,000 2568971, 23-03-19, ₹ 94,250

5. പ്രോജക്ട് നമ്പർ : 119/19

പ്രോജക്ടിന്റെ പേര് : കുറ്റി കുരുമുളക് വിതരണം

വകയിരുത്തിയ തുക : ₹ 48,937 (വികസന ഫണ്ട്, ജനറൽ) ₹ 16,313 (മറ്റുള്ളവ)

ആകെ : ₹ 65,250

ചെലവു തുക : ₹ 65,250

ബിൽ നമ്പർ, തീയ്യതി : 12/18-19, 06-03-19, ₹ 48,937

ചെക്ക് നമ്പർ, തുക : 2568987, 14-03-19, ₹ 16,313

മേൽ പ്രോജക്ടുകൾ പ്രകാരം ലഭിച്ച അപേക്ഷകളൊന്നും തന്നെ കൃഷി അസിസ്റ്റന്റോ കൃഷി ഓഫീസറോ അർഹത പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും കൃഷി അസിസ്റ്റന്റോ കൃഷി ഓഫീസറോ അർഹത പരിശോധിച്ച് ഉറപ്പു വരുത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും തയ്യാറാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/18-19 തീയതി:21-12-2019) ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങൾ പരിഹരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതും ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 മഴമറ കൃഷി- രേഖകൾ ഹാജരാക്കിയില്ല, ചെലവു തുക ₹2,43,642 തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 308/19

പേര് : മഴമറ കൃഷി

വകയിരുത്തിയ തുക : ₹ 5,00,000 (വികസന ഫണ്ട്, ജനറൽ)

: ₹ 5,00,000 (മറ്റുള്ളവ)

ആകെ : ₹ 10,00,000

ചെലവു തുക : ₹ 2,43,642 (മറ്റുള്ളവ – ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്)

ചെക്ക് നമ്പർ, തീയ്യതി : ലഭ്യമല്ല

ഗുണഭോക്താക്കൾക്ക് മഴമറ കൃഷി ചെയ്യുന്നതിന് ഒരു ച.മീ. ന് ₹500 നിരക്കിൽ സബ്സിഡി അനുവദിച്ചു കൊണ്ട് വനിതാ സംരംഭകർക്കു വേണ്ടി തയ്യാറാക്കിയതാണ് മേൽ പ്രോജക്ട്. പദ്ധതി പ്രകാരം എട്ട് ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

a. പദ്ധതിയിലേക്ക് ലഭിച്ച അപേക്ഷകൾ അപൂർണ്ണമാണ്.

b. 14-02-2018 ലെ സ.ഉ.(കൈ)നം. 22/2018/തസ്വഭവ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 6.1.21 ലെ നിബന്ധനകൾ പ്രകാരം ഓരോ വിഭാഗത്തിനും (ജനറൽ, എസ് സി, എസ് ടി) സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി വെവ്വേറെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ രണ്ട് അപേക്ഷകളിൽ മാത്രമേ അപേക്ഷകർ ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു എന്ന് രേഖപ്പെടുത്തിയിട്ടുള്ളൂ. ഖണ്ഡിക 6.1.21 ലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും, അപേക്ഷകർ ഉൾപ്പെടുന്ന വിഭാഗവും കൃഷി അസിസ്റ്റന്റോ കൃഷി ഓഫീസറോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

c. സുലേഖ പത്രിക പ്രകാരം ₹2,43,642 (മറ്റുള്ളവ) ചെലവുണ്ടെങ്കിലും തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധ നയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

d. മഴമറ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് സ്ഥാപിച്ചതിന്റെ രേഖകളോ വിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല.

7. മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ മഴമറ കൃഷിയുടെ ചെലവു തുക ₹2,43,642 തടസ്സപ്പെടുത്തുന്നു. മേല്പറഞ്ഞ രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-20 ഹോംകെയർ വിസിറ്റിന് വാഹനം ഏർപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല - ₹188160 തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ - പിഎച്ച്സി

പ്രോജക്ട് നമ്പർ : 15/19

പ്രോജക്ടിന്റെ പേര് : പാലിയേറ്റീവ് പരിചരണം

വകയിരുത്തിയ തുക : ₹ 6,54,400 (വികസന ഫണ്ട്, ജനറൽ)

: ₹ 1,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ആകെ : ₹ 7,54,600

ചെലവ് തുക : ₹ 6,05,504 (വികസന ഫണ്ട്, ജനറൽ)

: ₹ 98789 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
ചെലവ്
1. ബിൽ നമ്പർ 2/18-19, 17-05-2018, ₹ 33450,
2. ബിൽ നമ്പർ 4/18-19, 12-06-2018, ₹ 34660,
3. ബിൽ നമ്പർ 6/18-19, 28-07-2018, ₹ 36900,
4. ബിൽ നമ്പർ 7/18-19, 10-08-2018, ₹ 36900,
5. ബിൽ നമ്പർ 8/18-19, 13-09-2018, ₹ 38100,
6. ബിൽ നമ്പർ 9/18-19, 10-10-2018, ₹ 36900,
7. ബിൽ നമ്പർ 13/18-19, 13-12-2018, ₹ 136898,
8.ബിൽ നമ്പർ 14/18-19, 13-12-18, ₹ 36900,
9. ബിൽ നമ്പർ 16/18-19, 21-01-2019, ₹ 36900,
10. ബിൽ നമ്പർ 17/18-19, 06-03-2019, ₹41500,
11. ബിൽ നമ്പർ 18/18-19, 13-03-2019, ₹ 36400,
12. ബിൽ നമ്പർ 21/18-19, 20-03-2019, ₹ 99996,
13. ചെക്ക് നമ്പർ 2946334, 15-03-2019, ₹ 98789,

മേൽ പ്രോജക്ടിൽ വാഹന വാടകയിനത്തിൽ ശ്രീ.ധനേഷ് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് (സിൻഡിക്കേറ്റ് ബാങ്ക്, അക്കൗണ്ട് നം.42112200032405) ₹188160 ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഹോംകെയർ വിസിറ്റിന് ടിയാനെ നിയമിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/18-19, തീയതി: 12-12-2019) നല്കിയ മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ പിന്നീട് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ₹1,88,160 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 മഴക്കാല പൂർവശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയില്ല, ₹2,30,000 തടസപ്പെടുത്തുന്നു.

മഴക്കാല പൂർവ ശുചീകരണത്തിനായി ശുചിത്വ മിഷനിൽ നിന്നു ലഭിച്ച ₹2,30,000 ചെലവഴിക്കുന്നതിനായി 13-08-2018 ലെ 763785 നമ്പർ ചെക്ക് പ്രകാരം മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/18-19, 24-12-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹2,30,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 വാസയോഗ്യമായ വീട് (ജനറൽ) - രേഖകൾ ലഭ്യമാക്കിയില്ല, ചെലവുതുക ₹6,62,702 തടസപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : വി ഇ ഒ

പ്രോജക്ട് നമ്പർ : 16/19

പ്രോജക്ടിന്റെ പേര് : വീട് വാസയോഗ്യമാക്കൽ (ജനറൽ)

വകയിരുത്തിയ തുക : ₹ 5,00,000 (വികസന ഫണ്ട് ജനറൽ)

: ₹ 5,00,000 (തനത് ഫണ്ട്)

ആകെ : ₹ 10,00,000

ചെലവു തുക : ₹ 5,00,000 (വികസന ഫണ്ട് ജനറൽ)

: ₹ 1,62,702 (തനത് ഫണ്ട്)

ആകെ : ₹ 6,62,702

10 പേർക്ക് (ജനറൽ) വീട് വാസയോഗ്യമാക്കുന്നതിനായി ₹1,00,000 വീതം ധനസഹായം അനുവദിക്കുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) റഹ്മത്ത്.എ. എന്നവർക്ക് ഒന്നാം ഗഡു ₹50,000 മാത്രമേ അനുവദിച്ചിട്ടുള്ളൂ. നാളിതു വരെയായി വാല്വേഷൻ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുകയോ രണ്ടാം ഗഡു അനുവദിക്കുകയോ ചെയ്തിട്ടില്ല.

2) സഫൂറ.എം.ടി, രാജൻ.പി എന്നിവർക്ക് 11-07-2019 ന് രണ്ടാം ഗഡു തുക ₹50,000 വീതം അനുവദിച്ചിട്ടുണ്ടെങ്കിലും ഇവരുടെ വാല്വേഷൻ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

3) ജീജ.കെ - രണ്ടാം ഗഡു ₹50,000 29-03-2019 ന് അനുവദിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 29 /18-19, തീയതി : 26-12-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ചെലവുതുക ₹6,62,702 തടസ്സപ്പെടുത്തുന്നു.

# 1-23 വീട് വാസയോഗ്യമാക്കൽ (എസ് സി) - രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക ₹1,50,000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി ഇ ഒ

പ്രോജക്ട് നമ്പർ : 21/19

പ്രോജക്ടിന്റെ പേര് : വീട് വാസയോഗ്യമാക്കൽ (എസ് സി)

വകയിരുത്തിയ തുക : ₹ 10,50,000 (എസ് സി പി)

: ₹ 4,50,000 (തനത് ഫണ്ട്)

ആകെ : ₹ 15,00,000

ചെലവു തുക : ₹ 10,50,000 (എസ് സി പി)

: ₹ 1,50,000 (തനത് ഫണ്ട്)

ആകെ : ₹ 12,00,000

10 പേർക്ക് (എസ് സി) വീട് വാസയോഗ്യമാക്കുന്നതിനായി ₹1,50,000 വീതം ധനസഹായം അനുവദിക്കുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ട്രഷറി ബിൽ ബുക്ക് പ്രകാരം പിൻവലിച്ച ബില്ലുകളിൽ നിന്നും താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും വാല്വേഷൻ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

1. ബിൽ നമ്പർ 49/18-19, 22-03-2019, ₹75,000,: ശ്രീമതി.സത്യഭാമ.കെ

2. ബിൽ നമ്പർ 31/18-19, 22-01-2019, ₹1,50,000, : ശ്രീ.സദാനന്ദൻ ₹75,000

ആയതിന് വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/18-19,തീയതി : 26-12-2019) മറുപടി നല്കിയിട്ടില്ല. ആയതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. ആവശ്യമായ വിശദീകരണവും രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-24 ക്ഷേമ പെൻഷൻ- അപാകങ്ങൾ

പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട തീയതിക്ക് ശേഷവും പെൻഷൻ തുക വിതരണം

ചെയ്തതായി കാണുന്നു. 03-01-2018 ന് മരണപ്പെട്ട ശ്രീ. ഹരിദാസൻ.ഐ.വി.യുടെ സേവന സോഫ്റ്റ് വെയറിലെ പെൻഷൻ ഡിസ്ബേഴ്സ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ടിയാന്റെ (പെൻഷൻ ഐ.ഡി നം.111310200766) സിൻഡിക്കേറ്റ് ബാങ്കിന്റെ 42112200039470 എന്ന അക്കൗണ്ട് നമ്പറിലേക്ക് ജൂലൈ 2019 വരെയുള്ള വാർദ്ധക്യകാല പെൻഷൻ തുക വരവ് വന്നതായി കാണുന്നു. മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക വിതരണം ചെയ്തതിന്റെ കാരണം വ്യക്താമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/18-19) പെൻഷണറുടെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളത് നാറാത്ത് ഗ്രാമപഞ്ചായത്തിലാണെന്നും പ്രസ്തുത വിവരം ടിയാന്റെ ബന്ധുക്കൾ ഈ ഓഫീസിൽ അറിയിക്കാത്തതിനാലാണ് പെൻഷൻ വിതരണം തുടർന്നു വന്നത് എന്നും പെൻഷൻ ഇപ്പോൾ സസ്പെന്റ് ചെയ്തിട്ടുണ്ട് എന്നും ബാങ്ക് അക്കൗണ്ടിൽ നിന്ന് തുക തിരികെ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നും തുക തിരികെ ഒടുക്കിയത് സംബന്ധിച്ച വിവരം ബാങ്കിൽ നിന്നും ലഭിച്ചാൽ ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മരണപ്പെട്ടവരുടെ കാര്യത്തിൽ മരണപ്പെട്ട തീയതിയിൽ തന്നെ പ്രാബല്യം വരുന്ന രീതിയിൽ പെൻഷൻ റദ്ദ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 കുതിരത്തടം കുഴൽക്കിണർ നിർമാണം- ചെലവ് കഴിച്ചുള്ള ബാക്കി തുക₹ 58,658 പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ കുതിരത്തടം എന്ന പ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചതാണ് കുതിരത്തടം കുഴൽക്കിണർ നിർമ്മാണം എന്ന പദ്ധതി. പദ്ധതി നിർവഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുതിരത്തടം കുഴൽക്കിണർ നിർമ്മാണം |
| പ്രോജക്ട് നം. | 188/2019 |
| അടങ്കൽ | ₹1,15,000 തനത് ഫണ്ട് |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | ₹1,15,000 |
| ചെക്ക് നം. | 2568913/26-10-2018 |

കുതിരത്തടം കുഴൽക്കിണർ നിർമ്മാണം എന്ന പദ്ധതിയുടെ നിർവഹണത്തിനായി ഭൂജല വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹1,15,000 ഭൂജല വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്. 17-04-2019 ന് നമ്പർ ജി.ഡബ്ള്യ.കെ.എൻ.ആർ.3348/2017 പ്രകാരം പദ്ധതി പൂർത്തിയാക്കിയതിന്റെ കംപ്ലിഷൻ റിപ്പോർട്ടും, ഫൈനൽ ബില്ലും ഹാജരാക്കിയിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം ₹56,342യ്ക്ക് പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിന്റെ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ഭൂജല വകുപ്പിന് ആകെ നൽകിയ ₹1,15,000ൽ ₹56,342യ്ക്ക് പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ബാക്കി വന്ന ₹58,658 ഭൂജല വകുപ്പിൽ നിന്ന് തിരിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഭൂജല വകുപ്പ് ജില്ലാ ഓഫീസറും നിർവ്വഹണോദ്യോഗസ്ഥനായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഉണ്ടാക്കിയ കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

തുടർനടപടികൾ സ്വീകരിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-26 മാലിന്യ നിർമാർജനം - രേഖകൾ അപൂർണം -ചെലവ് തുക ₹54,81,278 തടസത്തിൽ വെക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ ജൈവവും, അജൈവവുമായ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 2018-19 വർഷം ഗ്രാമ പഞ്ചായത്ത് പദ്ധതികൾ രൂപീകരിച്ച് ₹54,81,278 തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | മാലിന്യ നിർമ്മാർജനം |
|---|---|---|
| 1 | പ്രോജക്ട് നമ്പർ | 184/2019 (സ്പിൽ ഓവർ) |
| | അടങ്കൽ | ₹25,00,000 തനത് ഫണ്ട് |
| | നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| | ചെലവ് | ₹25,00,000 |
| | ചെക്ക് നം./തീയതി | 724804/25-06-2018-₹5,00,000<br>2530270/14-06-2018-₹15,00,000<br>44365/14-06-2018-₹5,00,000 |
| 2 | പ്രോജക്ടിന്റെ പേര് | മാലിന്യ നിർമ്മാർജനം |
| | പ്രോജക്ട് നമ്പർ | 269/2019 |
| | അടങ്കൽ | ₹30,00,000 തനത് ഫണ്ട് |
| | നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| | ചെലവ് | ₹29,81,278 |
| | ചെക്ക് നം./തീയതി | 2568925/14-11-2018-₹14,55,000<br>486798/10-12-2018-₹15,26,278 |

ക്രമ നമ്പർ 1ലെ പദ്ധതിക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഒരു കി.ഗ്രാം മാലിന്യം നീക്കം ചെയ്യുന്നതിന് ₹8 എന്ന നിരക്കിൽ ഗ്രീൻ വോംസ് എക്കോ സൊല്യൂഷൻ, എൽ.എൽ.പി. ഉണ്ണികുളം, പി.ഒ.കോഴിക്കോട് എന്ന സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാറിൽ ഏർപ്പെട്ടതിനെ തുടർന്ന് കരാറുകാരൻ 25-05-2018 മുതൽ 19-06-2018 വരെ 317020 കി.ഗ്രാം മാലിന്യം നീക്കം ചെയ്യുകയും ഇതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 25,00,000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയുമുണ്ടായി.

ക്രമ നമ്പർ 2 ലെ പദ്ധതിക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഒരു കി.ഗ്രാം മാലിന്യം നീക്കം ചെയ്യുന്നതിന് ₹8.60 എന്ന നിരക്കിൽ ഗ്രീൻ വോംസ് എക്കോ സൊല്യൂഷൻ, എൽ.എൽ.പി. ഉണ്ണികുളം പി.ഒ.കോഴിക്കോട് എന്ന സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കരാർ ചമയ്ക്കുകയും ചെയ്തു. കരാറിൽ ഏർപ്പെട്ടതിനെ തുടർന്ന് കരാറുകാരൻ 15-10-2018 മുതൽ 17-10-2018 വരെ 351740 കി.ഗ്രാം മാലിന്യം നീക്കം ചെയ്യുകയും ഇതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ₹29,81,278 തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയുമുണ്ടായി.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. മാലിന്യ നിർമാർജനത്തിന് 2018-19 വർഷം ഭീമമായ തുകയായ ₹54,81,278 ചെലവഴിച്ചിട്ടുണ്ടെങ്കിലും മാലിന്യം നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.

2. 2018-19 വർഷം ഒരു ചെറിയ കാലയളവിൽ മാത്രം മാലിന്യം നീക്കം ചെയ്തതിനാണ് ഇത്രയും തുക ചെലവഴിച്ചത്. ഗ്രാമ പഞ്ചായത്തിലെ വാണിജ്യ-കച്ചവടസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോഴും വർഷം തോറും ലൈസൻസ് പുതുക്കുമ്പോഴും മാലിന്യങ്ങൾ അതത് സ്ഥാപനങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തണം എന്നിരിക്കെ ഇത്രയും അധികം മാലിന്യം കെട്ടിക്കിടക്കുന്നത് മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നില്ല എന്നതിന്റെ തെളിവാണ്.

3. മാലിന്യം ശാസ്ത്രീയമായ രീതിയിൽ ജൈവ മാലിന്യമെന്നും അജൈവ മാലിന്യം എന്നും വേർതിരിച്ച് ജൈവവളമായും, അജൈവ മാലിന്യങ്ങൾ ഷ്രെഡിംഗ് ചെയ്ത് റോഡ് ടാറിംഗിനായി വിൽപന നടത്തുന്ന തരത്തിൽ പദ്ധതി വിഭാവനം ചെയ്ത് മാലിന്യ സംസ്കരണം ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നില്ല.

4. മാലിന്യ നിർമാർജനത്തിനായി പദ്ധതി രൂപീകരിച്ച് തുക ചെലവഴിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് 19-12-2019ന് നൽകിയ 20/18-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, കുന്നുകൂടിയ മാലിന്യം ശാസ്ത്രീയ രീതിയിൽ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക ₹54,81,278 തടസ്സത്തിൽ വെക്കുന്നു.

# 1-27 വെള്ളത്തിന്റെ അളവ് കണക്കാക്കാതെയും

# സംയുക്ത പരിശോധനാറിപ്പോർട്ട് ഇല്ലാതെയും വെള്ളക്കരം നൽകൽ-സുതാര്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല

2018-19 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിലുള്ള പ്രദേശങ്ങളിൽ ജലവിതരണം നടത്തിയതിന് കേരളാ ജല അതോറിറ്റിക്ക് വാട്ടർ ചാർജ് നൽകുന്നതിന് പദ്ധതി രൂപീകരിക്കുകയും മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) വിഹിതത്തിൽ നിന്ന് ₹12,02,256 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കേരളാ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം നൽകൽ |
| പ്രോജക്ട് നം | 60/2019 |
| അടങ്കൽ | ₹13,00,000/- |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | ₹12,02,256/-മെയിന്റനൻസ് ഫണ്ട്<br>(നോൺ റോഡ്) |
| ബിൽനം | 3/18-19/13-05-2018 ₹ 1,00,188<br>8/18-19/26.06.2018 ₹ 1,00,188<br>12/18-19/28-07-2018 ₹ 1,00,188<br>14/18-19/20-08-2018 ₹ 1,00,188<br>16/18-19/18-09-2018 ₹ 1,00,188<br>17/18-19/27-10-2018 ₹ 1,00,188<br>22/18-19/21-12-2018 ₹ 1,00,188<br>28/18-19/21-01-2019 ₹ 1,00,188<br>30/18-19/23-02-2019 ₹ 1,00,188<br>31/18-19/08-03-2019 ₹ 1,00,188<br>34/18-19/22-03-2019 ₹ 1,00,188<br>₹ 12,02,256 |

മുകളിൽ കാണിച്ച പട്ടിക പ്രകാരം ₹12,02,256 2018-19 വർഷം കേരളാ ജല അതോറിറ്റി, കണ്ണൂർ ഡബ്ല്യൂ.എസ് സെക്ഷന് നൽകിയെങ്കിലും ഗ്രാമ പഞ്ചായത്തിൽ എത്ര പൊതു ടാപ്പുകൾ ഉണ്ടെന്നും, ഇതിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണെന്നും പഞ്ചായത്തും കേരളാ ജല അതോറിറ്റിയും സംയുക്തമായി പരിശോധിച്ച് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കേരളാ ജല അതോറിറ്റി, കണ്ണൂർ ഡബ്ല്യു.എസ്. സെക്ഷനിൽ നിന്ന് 2018-19 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള കാലഘട്ടത്തിലെ വെള്ളക്കരം അടവാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസിൽ ഓരോ മാസവും ₹1,00,188 ഒടുക്കണമെന്ന് ആവശ്യപ്പെടുകയും ടി തുക ഗ്രാമ പഞ്ചായത്ത് കേരളാ ജല അതോറിറ്റിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വെള്ളക്കരം ഓരോ മാസവും ₹1,00,188 യാണെന്ന് എന്ന് മുതൽ നിശ്ചയിച്ചുവെന്നും, നിശ്ചയിച്ചതിന്റെ മാനദണ്ഡം ഏതു പ്രകാരമാണ്, ആയത് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ എന്നതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

കൂടാതെ കേരളാ ജല അതോറിറ്റി 2018 ഏപ്രിൽ മാസം ലഭ്യമാക്കിയ ഡിമാന്റ് നോട്ടിസിൽ തനത് മാസത്തെ വെള്ളക്കരം കൂടാതെ 31-03-2018 വരെയുള്ള കുടിശ്ശിക ₹2,33,487യും പിഴ പലിശയായി ₹4,580യും ഒടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് വരുന്ന ഓരോ മാസങ്ങളിലും 2019 മാർച്ച് മാസം വരെ കുടിശ്ശികയുള്ള ₹2,33,487 യും ആയതിന്റെ പിഴ പലിശയും ഒടുക്കണമെന്ന് കേരളാ ജല അതോറിറ്റി ആവശ്യപ്പെട്ടിരുന്നു. 31-03-2018 ലെ കുടിശ്ശികയായ ₹2,33,487 യും ടി തുകയുടെ പിഴ പലിശയായ ₹61,294 യും (2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ) ചേർത്ത് ആകെ ₹2,94,781 ഒടുക്കാൻ ജല അതോറിറ്റി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. 31-03-2018 വരെ കേരളാ ജല അതോറിറ്റിക്ക് ₹2,33,487 കുടിശ്ശിക നൽകാനുണ്ടായത് സംബന്ധിച്ചും, 2019 മാർച്ച് മാസം വരെ കുടിശ്ശിക ഒടുക്കാത്തതിനാൽ ₹61,294 പിഴ പലിശ വരാനിടയായതു സംബന്ധിച്ചും മറുപടി നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 11/19 തീയതി 17-12-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

വെള്ളക്കരം ഒടുക്കുന്നതുമായി ബന്ധപ്പെട്ട സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കേണ്ടതും, കുടിശിക തുകയും പിഴ പലിശയും വരാനിടയായ സാഹചര്യം എന്നിവ പരിശോധിച്ച് സത്വര നടപടി കൈക്കൊള്ളേണ്ടതുമാണ്.

## 1-28 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ നീട്ടൽ -പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവ് തുക ₹7,49,300/- തടസത്തിൽ വയ്ക്കുന്നു.

പഞ്ചായത്തിലെ 23 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ നീട്ടൽ എന്ന പദ്ധതി രൂപീകരിച്ച് 2018-19 വർഷം തനത് ഫണ്ടിൽ നിന്ന് ₹7,49,300 കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ നീട്ടൽ |
| പ്രോജക്ട് നം | 131/2019 |
| അടങ്കൽ | ₹7,50,000 തനത്ഫണ്ട്. |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | ചെക്ക് നം.486815/23-01-2019– ₹1,55,849 |

| | |
|---|---|
| | ചെക്ക് നം.105668/29-03-2019- ₹5,93,451 |
| | ആകെ ₹7,49,300 |

23 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി ലൈൻ നീട്ടൽ എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ പള്ളിക്കുന്ന്, വളപട്ടണം, അഴിക്കോട് എന്നീ സെക്ഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ പേരിലാണ് ₹7,49,300 നിക്ഷേപിച്ചത്. നിക്ഷേപ തുകയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | കെ.എസ്.ഇ.ബി. സെക്ഷൻ | നിക്ഷേപിച്ച തുക(₹) | അക്കൗണ്ട് നം/ തുക നിക്ഷേപിച്ച തീയ്യതി |
|---|---|---|---|
| 1 | വളപട്ടണം | 5,24,380 | എസ്.ബി.ഐ അക്കൗണ്ട് നം. 67132443605/30-03-2019 |
| 2 | പള്ളിക്കുന്ന് | 69,071 | എസ്.ബി.ഐ അക്കൗണ്ട് നം. 67042162791/30-03-2019 |
| 3 | അഴീക്കോട് | 1,55,849 | ഡിഡി.നം.349695 /23-01-2019 |
| ആകെ ₹7,49,300 | | | |

മുകളിൽ കാണിച്ച കെ.എസ്.ഇ.ബി യുടെ സെക്ഷനുകളിൽ തുക നിക്ഷേപിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെപറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ഗ്രാമ പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾക്ക് ലൈൻ വലിക്കേണ്ടത് കെ.എസ്.ഇ.ബി. യുടെ വളപട്ടണം, അഴീക്കോട്, പള്ളിക്കുന്ന് എന്നീ സെക്ഷന്റെ പരിധിയിൽപ്പെടുന്ന പ്രദേശമായതിനാലാണ് ടി സെക്ഷനുകളിൽ തുക നിക്ഷേപിച്ചത്. എന്നാൽ ലൈൻ നീട്ടൽ എന്ന പ്രവർത്തി നടപ്പിലാക്കുന്നതിന് വേണ്ടി 08-03-2019 തീയതിയിൽ അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി. പള്ളിക്കുന്ന് സെക്ഷൻ, (എഗ്രിമെന്റ് നം. 17) അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി. വളപട്ടണം സെക്ഷൻ (എഗ്രിമെന്റ് നം.15) എന്നിവരുമായി മാത്രമെ പ്രവൃത്തി സംബന്ധിച്ച കരാർ ചമച്ചിട്ടുള്ളൂ. അഴിക്കോട് സെക്ഷനുമായി കരാർ ചമയ്ക്കാതെയാണ് തുക നൽകിയത്.

2. പ്രവൃത്തി നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബിക്ക് ₹7,49,300 നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3. കെ.എസ്.ഇ.ബി ക്ക് നൽകിയ ₹7,49,300 മുഴുവൻ തുകയും ചെലവ് വന്നിട്ടുണ്ടോ, ബാക്കി തുകയുണ്ടെങ്കിൽ ആയത് തിരികെ ലഭിച്ചിട്ടുണ്ടോ എന്നതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ (നമ്പർ 12/19 തീയതി 17-12-2019) സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹7,49,300 തടസ്സപ്പെടുത്തുന്നു.

# 1-29 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി-

# എ.എം.സി നൽകൽ -ചെലവ് രേഖകൾ മുഴുവനായി ഹാജരാക്കിയില്ല -₹8,92,790/-തടസ്സത്തിൽ വയ്ക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനു വേണ്ടി രൂപീകരിച്ച പദ്ധതിയാണ് തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി എ.എം.സി നൽകൽ എന്നത്. പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ 2018-19 വർഷത്തെ പരിപാലനവും, ഫ്യൂസായ ലാമ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കലുമാണ് പദ്ധതി കൊണ്ട് ലക്ഷ്യമിട്ടത്. പദ്ധതി നിർവഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി-എ.എം.സി നൽകൽ |
| പ്രോജക്ട് നം. | 74/2019 |
| അടങ്കൽ | ₹9,00,000 (₹4,50,000 തനത് ഫണ്ട്)<br>₹4,50,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | ₹8,92,790<br>₹4,43,245 (ബിൽ നം.18/19-31-10-2018)<br>₹4,49,545 (ചെക്ക് നം.10560/31-10-2018) |

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി-എ.എം.സി നൽകൽ എന്ന പദ്ധതിയുടെ നിർവഹണത്തിനായി ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സായ് പ്രകാശ് ഇലക്ട്രിക്കൽസ്, ചക്കരക്കൽ എന്ന സ്ഥാപനവുമായി 09-08-2018 തീയതിക്ക് പഞ്ചായത്ത് സെക്രട്ടറി കരാർ ചമയ്ക്കുകയും ചെയ്തു. കരാർ പ്രകാരം ഫ്യൂസായ സോഡിയം വേപ്പർ ലാമ്പ് മാറ്റി സ്ഥാപിക്കുന്നതിന് ലാമ്പൊന്നിന് ₹1650, സി.എഫ്.എൽ.ന് ₹635, ട്യൂബ് ലൈറ്റിന് ₹645 എന്ന നിരക്കിലുമാണ് തുക നിശ്ചയിച്ചത്.

2018-19 വർഷം 828 ട്യൂബ് ലൈറ്റ് റിപ്പയർ ചെയ്തതിന് ₹5,34,060 യും 547 സി.എഫ്.എൽ.ന് ₹3,47,345 യും, 11സോഡിയം വേപ്പർ ലാമ്പിന് ₹18,150യും ചേർത്ത് ആകെ ₹8,92,790 ചെലവ് വന്നിട്ടുണ്ട്. (₹8,99,555 എന്നത് ₹8,92,790 എന്നായി ലിമിറ്റ് ചെയ്തു, ക്യാഷ് ബിൽ നം. 6/07-03-2019 , 2/20-10-2018).

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. തെരുവു വിളക്കുകളുടെ എണ്ണവും തരവും നിശ്ചയിക്കുന്നതിന് പഞ്ചായത്ത് അധികൃതരും, കെ.എസ്.ഇ.ബി അധികൃതരും ചേർന്ന് സംയുക്ത പരിശോധന നടത്താതെയാണ് പദ്ധതി നടപ്പാക്കിയത്. പരിശോധനാ റിപ്പോർട്ട് ഇല്ലാത്തതിനാൽ എത്ര തെരുവ് വിളക്കുകൾ ഏതൊക്കെ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന് വ്യക്തമല്ല.

2. തെരുവ് വിളക്കുകൾ എത്രയെണ്ണം റിപ്പയർ ചെയ്തു എന്ന് രേഖപ്പെടുത്തുന്ന റിപ്പയർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമല്ല എന്ന വിവരം രേഖപ്പെടുത്തുന്ന കംപ്ലെയിന്റ് രജിസ്റ്റർ പൂർണ്ണമല്ല.

അപാകതകൾ സംബന്ധിച്ച് 17-12-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം 9/19 ന് മറുപടി ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹8,92,790 തടസ്സപ്പെടുത്തുന്നു.

## 1-30 സ്കൂളുകളിൽ പത്ര വിതരണം-കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്.

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്കൂളുകളിൽ പത്ര വിതരണം എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 164/19 |
| പ്രോജക്ടിന്റെ പേര് | സ്കൂളുകളിൽ പത്ര വിതരണം. |
| അടങ്കൽ | ₹50000-തനത് ഫണ്ട് |
| <u>ചെലവ്</u><br>ചെക്ക് നം./തീയതി/തുക | 10056759/21-03-2019/₹30000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ജി.എം യു.പി.എസ്.കാട്ടാമ്പള്ളി. |

മേൽ പദ്ധതി പ്രകാരം വാങ്ങിച്ചിട്ടുള്ള 50 കോപ്പി പത്രം (ആറ് മാസം) ഏതൊക്കെ സ്കൂളുകളിലാണ് വിതരണം ചെയ്തിട്ടുള്ളത്, പത്രം കൈപ്പറ്റിയ സ്കൂളുകളിലെ ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള കൈപ്പറ്റ് രസീത് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/2018-19) പത്രം കൈപ്പറ്റിയ സ്കൂളുകളിൽ നിന്ന് കൈപ്പറ്റ് വിവരം ലഭിക്കുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടന്ന് നാളിതു വരെയായിട്ടും പത്ര വിതരണം സംബന്ധിച്ച കാര്യത്തിൽ വ്യക്തത വരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. പത്രം കൈപ്പറ്റിയ സ്കൂളുകളുടെ പേരും, ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള കൈപ്പറ്റ് രസീതും ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ജീവനക്കാരുടെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് പ്രൊഫഷണൽ ചാർജ്നൽകുന്നത് പുനഃപരിശോധിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം ജീവനക്കാരുടെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് പ്രൊഫഷണൽ ചാർജിനത്തിൽ സ്വകാര്യ സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ട്. ചെലവ് തുകയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ | വൗച്ചർ നം. | ചെലവ് | തുക കൈപ്പറ്റിയ | റിമാർക്സ് |
|---|---|---|---|---|

| നം. | | തുക (₹) | സ്ഥാപനം | |
|---|---|---|---|---|
| 1 | 21800196/29-05-2018 | 400 | ചാർട്ടേഡ് കൺസൾട്ടൻസി സെന്റർ, കണ്ണൂർ | പഞ്ചായത്ത് ജീവനക്കാരുടെ റിട്ടേൺ സമർപ്പിക്കുന്നതിന് |
| 2 | 21800264/04-06-2018 | 400 | ,, | എൽ.എസ്.ജി.ഡി എ. ഇ ഓഫീസ് ജീവനക്കാരുടെ റിട്ടേൺ സമർപ്പിക്കുന്നതിന് |
| 3 | 21800419/12-07-2018 | 400 | ,, | പഞ്ചായത്ത് ജീവനക്കാരുടെ റിട്ടേൺ സമർ പ്പിക്കുന്നതിന് |
| 4 | 21800871/27-10-2018 | 400 | ,, | ,, |
| 5 | 21801382/04-02-2019 | 700/- | ,, | ,, |
| 6 | 21801395/07-02-2019 | 400 | ,, | എൽ.എസ്.ജി.ഡി എ. ഇ ഓഫീസ് ജീവനക്കാരുടെ റിട്ടേൺ സമർ പ്പിക്കുന്നതിന് |
| 7 | 21800175/22-05-2018 | 500 | ,, | പഞ്ചായത്ത് ജീവനക്കാരുടെ റിട്ടേൺ സമർപ്പിക്കുന്നതിന് |

ജീവനക്കാരുടെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നത് ഓഫീസ് മേധാവിയുടെ വ്യക്തിപരമായ ചുമതലയിൽപ്പെടുന്ന കാര്യമാണ്. പഞ്ചായത്തിൽ ഓൺലൈൻ സൗകര്യവും, ടെക്നിക്കൽ സ്റ്റാഫിന്റെ സേവനവും ലഭ്യമായിട്ടും സ്വകാര്യ ഏജൻസിക്ക് ഡാറ്റാ എൻട്രിയും, പ്രൊഫഷണൽ ചാർജ്ജും നൽകി ആദായ നികുതി റിട്ടേൺ സമർപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 1-32 എൽ.ഇ.ഡി ലാമ്പ് വാങ്ങൽ -ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല -ചെലവ് തുക ₹3,85,000 തടസപ്പെടുത്തുന്നു

2018-19 വർഷം എൽ.ഇ.ഡി ലാമ്പ് വാങ്ങലും ഇൻസ്റ്റലേഷൻ ചെയ്യലും എന്ന പദ്ധതി രൂപീകരിച്ച് തനത് ഫണ്ടിൽ നിന്ന് ₹3,85,000 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | എൽ.ഇ.ഡി ലാമ്പ് വാങ്ങൽ |
| പ്രോജക്റ്റ് നം. | 9/2019 |
| അടങ്കൽ | ₹3,91,000 തനത് ഫണ്ട് |
| | |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | ₹3,85,000 |
| ചെക്ക് നം. | 105674/30-03-2019 |

എൽ.ഇ.ഡി. ലാമ്പ് വാങ്ങൽ എന്ന പദ്ധതി നിർവഹണത്തിനായി 100 എൽ.ഇ.ഡി. ലാമ്പ് വാങ്ങുന്നതിനായി കെൽട്രോണുമായി നിർവഹണോദ്യോഗസ്ഥൻ 28-02-2019-ന് കരാർ ചമയ്ക്കുകയും, നമ്പർ എ4-8183/17 കത്ത് പ്രകാരം (തീയതി ലഭ്യമല്ല) സപ്ലൈ ഓർഡർ നൽകുകയും 100 എൽ.ഇ.ഡി ലാമ്പുകൾ യുണൈറ്റഡ് ഹെഡ്, കെൽട്രോൺ ലൈറ്റിംഗ് ഡിവിഷൻ, കൊയിലാണ്ടി എന്ന സ്ഥാപനത്തിൽ നിന്നു വാങ്ങുകയും ചെയ്തു. (ബിൽ നം. 605 തീയതി 27-03-2019).

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1) 100 എൽ.ഇ.ഡി ലാമ്പുകൾ കെൽട്രോണിൽ നിന്നു വാങ്ങുന്നതിന് തുക ചെലവഴിച്ചെങ്കിലും എൽ.ഇ.ഡി ലാമ്പുകൾ ഏതൊക്കെ സ്ഥലത്ത് സ്ഥാപിച്ചു എന്നതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) എൽ.ഇ.ഡി ലാമ്പുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നമ്പർ 8/19) ക്ക് മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹3,85,000 തടസത്തിൽ വയ്ക്കുന്നു.

# 1-33 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവ് (തുക ₹15,00,000) തടസപ്പെടുത്തുന്നു.

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് കേരള ജല അതോറിറ്റിക്ക് ₹15,00,000 നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കേരളാ വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കലിന് തുക നൽകൽ |
| പ്രോജക്ട് നം. | 75/2019 |
| അടങ്കൽ | (₹15,00,000)<br>₹10,00,000 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>₹5,00,000 തനത് ഫണ്ട്. |
| | |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | ₹10,00,000 (ബിൽ നം.23/18-19/04-12-2018)<br>₹5,00,000 (ചെക്ക് നം.2568935/30-11-2018)<br>(₹15,00,000) |

വിവിധ വാർഡുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കേരളാ ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡബ്ല്യു.എസ്. സെക്ഷൻ കണ്ണൂരുമായി 01-03-2018 ന് കരാർ ചമയ്ക്കുകയും, ₹15,00,000 കേരളാ ജല അതോറിറ്റിക്ക് ഡെപ്പോസിറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. (രശീതി നം. 0452069/11-12-2018, ₹5,00,000 ബിൽ നം.23/19, 04-12-2018, ₹10,00,000).

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കേരള ജല അതോറിറ്റിക്ക് ₹15,00,000 നൽകിയെങ്കിലും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പ്രവൃത്തിയുടെ പുരോഗതി, കേരള ജല അതോറിറ്റിയുമായി നടത്തിയ തുടർ കത്തിടപാടുകൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമല്ല.

3. കംപ്ലീഷൻ സർട്ടിഫിക്കറ്റ്, തുക ചെലവായതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/18-19 തീയതി 17-12-2019)ക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ചെലവ് തുക ₹15,00,000 തടസപ്പെടുത്തുന്നു.

# 1-34 റോഡ് ടാറിംഗിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല

18-05-2016-ലെ ചീഫ് എഞ്ചിനീയറുടെ ഡിബി3/4620/12/സി.ഇ/തസ്വഭവ സർക്കുലർ പ്രകാരവും 17-11-2016-ലെ സ.ഉ.(സാധാ)3119/2016/തസ്വഭവ നിർദ്ദേശ പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% മാറ്റി വെച്ച് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർ ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. 2018-19 വർഷം റോഡു പ്രവൃത്തികൾക്ക് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിയിട്ടില്ല. 2018-19 വർഷം മുതൽ റോഡ് പ്രവൃത്തികളിൽ 25% ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കണമെന്ന് ചീഫ് എഞ്ചിനീയറുടെ നം.ഡിബി.3/4320/2012/ സിഇ/തസ്വഭവ തീയതി 02-02-2018, ചീഫ് എഞ്ചിനീയറുടെ ഡിബി3/4620/2012/സിഇ/ തസ്വഭവ തീയതി 26-11-2018 എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക്ക് വേസ്റ്റിന്റെ ഫലപ്രദമായ പുനരുപയോഗത്തിനായി മേൽ നിർദ്ദേശം നടപ്പിലാക്കുന്നത് ഉചിതമായിരിക്കും.

# 1-35 മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി

2018-19ലെ ആക്ഷൻ പ്ലാൻ പ്രകാരം ഉണ്ടായിരുന്ന 324 പ്രവൃത്തികളിൽ 105 മാത്രമെ (32.41%) ഓഡിറ്റ് കാലയളവിൽ പൂർത്തീകരിച്ചിട്ടുള്ളൂ. കൃഷി, പൊതുമരാമത്ത് എന്നീ മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ആകെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ 16962 (എസ്.സി-4025, മറ്റുള്ളവർ-12937)ഉം 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച കുടുംബാംഗങ്ങളുടെ എണ്ണം 117ഉം ആണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24-07-2019 മുതൽ 25-07-2019 വരെ | കെ.എസ്.എ/കെ.എൻ.ആർ/സി5/ 1368/19 തീയതി 19-08-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,50,000 | പാലിന് സബ്സിഡി | 95,377 | 54,623 |
| | | 1,00,000 | പാലിയേറ്റീവ് പരിചരണം | 98,789 | 1,211 |
| | | 8,49,800 | ലൈഫ് ഭവന പദ്ധതി | 8,49,800 | 0 |
| | | 3,50,000 | അങ്കണവാടി പോഷകാഹാര പരിപാടി | 3,50,000 | 0 |
| | | 3,48,625 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,48,625 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 6,48,625 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് | 6,48,625 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | | 1,50,000 | പാലിന് സബ്സിഡി | 0 | 1,50,000 |
| | | 9,78,500 | പട്ടികജാതി കോളനികളിലെ സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ | 5,92,545 | 3,85,955 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 10,00,000<br>ബിൽ നം.23/18-19/ 04-12-2018 5,00,000 ചെക്ക് നം. 2568935/30-11-2018 | 15,00,000 | 0 | 15,00,000 |
| കെഎസ്ഇബി | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21801563/15-03-2019 | 9,921 | 0 | 9,921 |
| | | 21801564/15-03-2019 | 8,608 | 0 | 8,608 |
| | | 21801580/16-03-2019 | 8,403 | 0 | 8,403 |
| | | 21801591/19-03-2019 | 8,371 | 0 | 8,371 |
| | | 21801592/19- | 5,900 | 0 | 5,900 |

| | | | | | |
|---|---|---|---|---|---|
| | | 03-2019 | | | |
| | | 21801542/13-03-2019 | 8,403 | 0 | 8,403 |
| | തെരുവ് വിളക്ക് ലൈൻ നീട്ടൽ | 21801309/23-01-2019 | 1,55,849 | 0 | 1,55,849 |
| | | 2,18,01,728 | 8,71,660 | 0 | 8,71,660 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹20,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | ₹20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹20,000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തുക | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ | 20,000 | 194/18-10-2014 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹62,183യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ & തിയ്യതി |
|---|---|---|---|---|
| 2015-16 | 2-1 | 300 | സദാനന്ദൻ ഉണോളി | 118010107138/27-09-2018 |
| | | 500 | എം.കെ.ജ്യോതി | 118010107170/27- |

| | | | | |
|---|---|---|---|---|
| | | | | 09-2018 |
| | | 300 | അനിൽകുമാർ.പി.എസ് | 118010107187/27-09-2019 |
| | | 500 | മനോഹരൻ.സി | 118010107193/27-09-2018 |
| | | 500 | ഷിബു.പി.വി | 118010107221/27-09-2018 |
| | | 500 | പ്രശാന്ത് കുമാർ | 118010107412/01-10-2018 |
| | | 500 | പി.പി.ജോൺ | 118010102644/04-10-2018 |
| | | 415 | പുന്നക്കൽ മാജിത | 118010108187/15-10-2018 |
| | 2-3 | 119 | ചെല്ലട്ടേൻ പുഷ്പജ | 118010108375/20-10-2018 |
| | 2-1 | 300 | കെ.മൻസൂർ | 118010108160/15-10-2018 |
| | 2-6 | 23,500 | എക്സിക്യൂട്ടീവ് ഓഫീസർ, കടലായി ശ്രീകൃഷ്ണ ക്ഷേത്രം | 118010108219/15-10-2018 |
| | | 26,750 | | 118010108221/15-10-2018 |
| | 2-1 | 300 | എസ്.ജയരാജ് | 118010111196/28-12-2018 |
| 2017-18 | 2-6 | 2,000 | സ്മൈൽ കെയർ ഡെന്റൽ ക്ലിനിക്ക് | 118010114928/14-03-2019 |
| 2005-06 | 3-1 | 2,544 | ഇ.പി.ചന്ദ്രൻ | 118010115805/30-03-2019 |
| 2004-05 | 3-5 | 3,155 | ഇ.പി.ചന്ദ്രൻ | 118010115806/30-03-2019 |
| ആകെ | | 62,183 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 32 | 2003-04 | 3.13.17 | മറ്റു പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 7 | 2004-05 | 03.13.1.5 | ഷോപ്പിംഗ് സെന്റർ ബാദ്ധ്യത യാകുന്നു | ,, |
| 2014-15 | 2-1 | 2016-17 | I | തൊഴിൽ നികുതി | ,, |
| 2015-16 | 2-1, 2-6 | 2016-17 | I | ,, | ,, |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,59,70,967 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,07,19,927 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,04,82,872 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 2,43,642 | ശ്രീമതി.റമീസ ഇ എം, കൃഷി ഓഫീസർ |
| 1-20 | 1,88,160 | ഡോ.ആനന്ദ്.കെ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-21 | 2,30,000 | ഡോ.ആനന്ദ്.കെ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-22 | 6,62,702 | ശ്രീമതി.നളിനി ടി, വി.ഇ.ഒ. |

| | | |
|---|---|---|
| 1-23 | 1,50,000 | ശ്രീമതി.നളിനി ടി, വി.ഇ.ഒ. |
| 1-26 | 25,00,000 | ശ്രീമതി.പി.പി.ഉഷ, സെക്രട്ടറി |
| | 29,81,278 | ശ്രീ.കെ.ടി.റാഷിദ്, സെക്രട്ടറി |
| 1-28 | 7,49,300 | ശ്രീ.കെ.ടി.റാഷിദ്, സെക്രട്ടറി |
| 1-29 | 8,92,790 | ശ്രീ.കെ.ടി.റാഷിദ്, സെക്രട്ടറി |
| 1-32 | 3,85,000 | ശ്രീ.കെ.ടി.റാഷിദ്, സെക്രട്ടറി |
| 1-33 | 15,00,000 | ശ്രീ.കെ.ടി.റാഷിദ്, സെക്രട്ടറി |
| ആകെ | 1,04,82,872 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.നളിനി.ടി., വി.ഇ.ഒ. | വി.ഇ.ഒ. | അനുരാധാസ്, രാം റോഡ്, നിയർ ഓലച്ചേരിക്കാവ്, തളാപ്പ്,കണ്ണൂർ-1 |
| ഡോ.ആനന്ദ്.കെ. മെഡിക്കൽ ഓഫീസർ | ലഭ്യമല്ല | ആകാശ്, മുഴപ്പിലങ്ങാട്.പി.ഒ, കണ്ണൂർ. |
| ശ്രീ.കെ.ടി.റാഷിദ്, സെക്രട്ടറി | സെക്രട്ടറി, ചിറക്കൽ ഗ്രാമപഞ്ചായത്ത് | സുലൈമാൻ മൻസിൽ, കുഞ്ഞിപ്പള്ളി.പി.ഒ, കൊറ്റാളി |
| ശ്രീമതി.റമീസ.ഇ.എം. കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചിറക്കൽ | ഇല്ലിക്കൽ മമ്മാലിയൻ വളപ്പിൽ ഹൗസ്, അഴീക്കോട് സൗത്ത്, മീൻകുന്ന് (പി.ഒ), കണ്ണൂർ. |
| ശ്രീമതി.പി.പി.ഉഷ, സെക്രട്ടറി | ലഭ്യമല്ല | മേലത്ത് വളപ്പിൽ, പി.ഒ. മൊട്ടമ്മൽ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 01 |
| 1999-00 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 02 |
| 2000-01(തനത്) | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 01 |
| 2002-03 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി10-06-2019 | 01 |
| 2003-04 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 07 |
| 2004-05 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 04 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 03 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 06 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 05 |
| 2008-09 മുതൽ 2010-11വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 04 |
| 2011-12 മുതൽ 2012-13 വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 10 |
| 2013-14 മുതൽ 2014-15 വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി/ 755/19 തീയതി 10-06-2019 | 08 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 16 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ | 14 |

| | | |
|---|---|---|
| | 755/19 തീയതി 10-06-2019 | |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 2052/18 തീയതി 10-01-2019 | 24 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 AUDIT CERTIFICATE

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/10/2020.


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail doknr.ksad@kerala.gov.in

ഫോൺ: 0497 2707698


തീയതി: 11-03-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത്‌രാജ്നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ

ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22-05-2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1 RECEIPT & PAYMENT STATEMENT

| Chirakkal Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code. No. | Description of Items | Schedule No. | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 38920062.79 |
| Cash | Cash | RP-40(a) | 308776.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2219230.00 |
| 130000000 | Rental income from Panchayat Properties | RP-3 | 7000.00 |
| 140000000 | Fees & User Charges | RP-4 | 5957309.00 |
| | | | |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | RP-5 | 603040.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 65129673.00 |
| 171000000 | Interest Earned | RP-9 | 1618563.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8124833.00 |
| 350000000 | Other Liabilities | RP-36 | 435826.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 188481.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 32.00 |
| 311000000 | Earmarked Funds | RP-29 | 28417.00 |
| 340000000 | Deposits Received | RP-34 | 628124.00 |
| 350000000 | Other Liabilities | RP-36 | 949852.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 19981965.00 |
| 460000000 | Loans, Advances and Deposits | RP-47 | 98622.00 |
| | Grand total | | 145199805.79 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4976065.00 |
| 220000000 | Administrative Expenses | RP-12 | 2579388.00 |
| 230000000 | Operations & Maintenance | RP-13 | 2477916.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4058385.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 25344125.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 7518813.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 7230811.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 415680.00 |
| 255000000 | Maintenance Projects | RP-20 | 11606661.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 15000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 2000000.00 |
| 280000000 | Prior Period item | RP-26 | -66179.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 579075.00 |
| 350000000 | Other Liabilities | RP-36 | 11706502.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1017.00 |
| 280000000 | Prior Period Item | RP-26 | -83310.00 |
| 340000000 | Deposits Received | RP-34 | 263243.00 |
| 350000000 | Other Liabilities | RP-36 | 3548209.00 |
| 410000000 | Fixed Assets | RP-38 | 12813017.00 |
| 412000000 | Capital work in Progress | RP-40 | 316502.00 |
| | | | |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 3419007.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 44335992.79 |
| Cash | Cash | RP-40(b) | 143886.00 |
| | Grand Total | | 145199805.79 |

# അനുബന്ധം-2-2 INCOME & EXPENDITURE STATEMENT

Chirakkal Grama Panchayat INCOME & EXPENDITURE STATEMENT

| For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No. | Description of Items | Schedule No. | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 12666405.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1667920.00 |
| 140000000 | Fee & User Charges | I-4(b) | 6549309.00 |
| 150000000 | Sale & Hire Charges | I-5(b) | 603040.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 159509065.00 |
| 171000000 | Interest Earned | I-8 | 1618563.00 |
| 180000000 | Other Income | I-9 | 32.00 |
| | Total Income | | 182614334.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13081785.00 |
| 220000000 | Administrative Expenses | I-11(b) | 2579388.00 |
| 230000000 | Operations & Maintenance | I-12(b) | 2491334.00 |
| 240000000 | Interest & Finance Charges | I-13 | 1017.00 |
| 250000000 | Decentralised Plan Programme-Productive | I-14 | 5488441.00 |

| | | | |
|---|---|---|---|
| | Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 33954910.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 7661484.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 8752089.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 82388680.00 |
| 255000000 | Maintenance Projects | I-14(e) | 11606661.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 15000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 2000000.00 |
| 270000000 | Provisions and Write off | I-16 | 326082.00 |
| 272000000 | Depreciation | I-17(a) | 6775354.00 |
| | Total Expenditure | | 177122225.00 |
| | Gross Surplus/ Deficit of income over Expenditure | | 5492109.00 |
| 280000000 | Prior Period Item | I-18 | 454353.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |
| | | | 5037756.00 |

# അനുബന്ധം-2-3 BALANCE SHEET

| Chirakkal Grama Panchayat BALANCE SHEET<br>For the period from as pm 31-March-2019 | | | |
|---|---|---|---|
| Code No. | Description of Items | Schedule No. | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 56381365.71 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 55347.00 |
| 312000000 | Reserves | B-3 | 60686950.00 |
| | Total Reserve & Surplus | | 117123662.71 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5733963.00 |
| | Total Grants, Contributions for Specific Purposes | | 5733963.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 4613289.85 |
| 350000000 | Other Liabilities | B-9 | 1732110.48 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 6345400.33 |
| | TOTAL LIABILITIES | | 129203026.04 |
| | ASSETS | | |
| | Fixed Assets | | |
| | | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 106152233.00 |
| 411000000 | Accumulated Depreciation | B-11 | -34062070.75 |
| 412000000 | Capital Work in Progress | B-11(a) | 989317.00 |
| | Total Fixed Assets | | 73079479.25 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 115028.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 450000000 | Cash and Bank Balance | B-17 | 44479878.79 |
| 460000000 | Loans, Advances and Deposits | B-18 | 11508640.00 |
| | Total Current Assets, Loans and Advances | | 0.0 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 56103546.79 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 129203026.04 |

Deputy Director,
District Audit Office, Kannur.